# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 4, No. 12 : ഡിസമ്പർ 2011**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

| | |
|---|---|
| *ധർമ്മ ജഗേ തോ സുഖ് ജഗേ,* | ധർമ്മമുണർന്നാൽ സൗഖ്യമുണർന്നു, |
| *സബ് വിധ മംഗല ഹോയ്,* | എല്ലാവിധവും മംഗളമായ്, |
| *അന്തർ കീ ഗാഠേം ഖുലേം,* | അകത്ത് കെട്ടുകളഴിയട്ടെ, |
| *മാനസ് നിർമ്മല ഹോയ്* | മാനസം നിർമ്മലമായ്. |

— **എസ. എൻ. ഗോയങ്ക**

## ധർമ്മചക്രം തിരിയുന്നതെങ്ങനെ?

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 23 ാം ഭാഗം)*

ധർമ്മചക്രം തിരിഞ്ഞെങ്ങിൽ ലോകചക്രം തകരുന്നു. ഭവചക്രം തകരുന്നു. ദുഖചക്രം തകരുന്നു. ധർമ്മചക്രം തിരിയട്ടെ, എന്നാൽ എങ്ങനെ തിരിയും? കേവലം ബുദ്ധിയുടെ തലത്തിൽ സത്യത്തെ മനസ്സിലാക്കിയാൽ മാത്രം ധർമ്മചക്രം തിരിയില്ല. അനുഭൂതിയുടെ തലത്തിൽ അറിയണം. വേദന എന്നാൽ അനുഭവം. ദർശനം എന്നാൽ അനുഭവം. വിപശ്യന എന്നാൽ അനുഭവം. സ്വയം അനുഭവത്താൽ അറിയണം. ഈ മൂന്നരക്കൈ നീളമുള്ള ശരീരത്തിനുള്ളിൽ എവിടെ, എത്തരം സംവേദന പ്രകടമായി – പ്രകടമായപ്പോൾ ഞാനെങ്ങാനും ബോധമില്ലാത്ത കാരണം രാഗമയമായ തൃഷ്ണ ഉണർത്തിയില്ലല്ലൊ? ദ്വേഷമയമായ തൃഷ്ണ ഉണർത്തിയില്ലല്ലൊ? നോക്കുന്നു, വളരെ ശ്രദ്ധയോടെ നോക്കുന്നു. വളരെ പ്രാവശ്യം പഴയ സ്വഭാവം മൂലം രാഗമയമായ തൃഷ്ണ ഉണർത്തുക തന്നെ ചെയ്യുന്നു, ദ്വേഷമയമായ തൃഷ്ണ ഉണർത്തുക തന്നെ ചെയ്യുന്നു. തല വെള്ളത്തിനടിയിൽ പെട്ടതുപോലെ – എന്താണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാകുന്നതേയില്ല. എങ്ങോട്ടാണ് ഒഴികി പ്പോകുന്നത്, മനസ്സിലാകുന്നതേയില്ല. വീണ്ടും ബോധം വരുന്നു. വീണ്ടും വിദ്യ ഉണർന്നപ്പോൾ തല വെള്ളത്തിനു മുകളിൽ വരുന്നു. ഓ, ഇങ്ങനെ അനുഭവിക്കുകയാണ്. അപ്പോൾ നന്നാക്കാൻ തുടങ്ങുന്നു – തല വെള്ളത്തിന്റെ മുകളിൽ വരുന്നു, അതായത് ശരീരത്തിലെ സംവേദനകളെ നോക്കാൻ തുടങ്ങി കൂടാതെ സമത നിലനിറുത്താൻ തുടങ്ങി. അനിത്യബോധത്തിന്റെ പ്രജ്ഞ പുഷ്ടമാക്കാൻ തുടങ്ങി. കുറച്ചു സമയം അങ്ങനെ ചെയ്ത് ചെയ്ത് വീണ്ടും വെള്ളത്തിനടിയിൽ തല പോയി. വീണ്ടും അതേ അവിദ്യ, വീണ്ടും അതേ അന്ധകാരം, വീണ്ടും അതേ രാഗം, വീണ്ടും അതേ ദ്വേഷം, വീണ്ടും അതേ ദുഖം. ദുഖചക്രം, ദുഖചക്രം. ഇടക്കിടക്ക് ബോധം ഉണരുന്നു, ധർമ്മചക്രം തിരിയുന്നു, നന്മയുടെ കാര്യമായി തുടങ്ങി. അഭ്യാസം ചെയ്ത് ചെയ്ത് സ്വഭാവം മാറാൻ തുടങ്ങും. അന്തർമനസ്സിന്റെ ആഴങ്ങളിൽ, അടിത്തട്ടിൽ ഒരു സ്വഭാവകുരുക്കുണ്ട് – അതിന് കീഴടങ്ങുമ്പോൾ എപ്പോൾ നോക്കിയാലും രാഗം ഉണർത്തിക്കൊണ്ടു പോകുകയാണ്. സുഖകരമായ സംവേദന വന്നു, രാഗം ഉണർത്തിക്കൊണ്ടു പോകുകയാണ്. ദുഖകരമായ സംവേദന വന്നു, ദ്വേഷം ഉണർത്തിക്കൊണ്ടു പോകുകയാണ്.

പുറമെപുറമെയുള്ള മാനസം – അതിനെ ഇന്നത്തെ പാശ്ചാത്യ ശാസ്ത്രജ്ഞൻ കോൺഷ്യസ് മൈൻഡ് എന്നു വിളിക്കുന്നു, ഭാരതത്തിലുള്ള ശാസ്ത്രജ്ഞൻ, ഋഷിമാർ, മുനിമാർ, ബുദ്ധൻമാർ, അർഹന്തൻമാർ ഈ ശബ്ദം ഉപയോഗിച്ചില്ല. അവർ ഇതിനെ 'പരിത്ത ചിത്തം' എന്നു വിളിച്ചു, കൂടാതെ കണ്ടതെന്തെന്നാൽ ഈ പുറമെയുള്ള ചിത്തം – ഇതിനെ നമ്മൾ എവിടെ ചേർത്താലും, ഏതെങ്കിലും ധർമ്മചർച്ചയിൽ ചേർത്താൽ, പഠിത്തത്തിൽ, പാരായണത്തിൽ ഏർപ്പെടുത്തിയാൽ രാഗം ഉണരുന്നില്ല, ദ്വേഷം ഉണരുന്നില്ല എന്നു തോന്നുന്നു. അയ്യോ, ഇതാകട്ടെ പുറമെ പുറമെയുള്ള മാനസമല്ലെ! ബുദ്ധിയുടെ തലത്തിലെ സത്യമാണ്, അത് വളരെ ചെറുതാണ്, മുഴുവൻ മാനസവുമായി താരതമ്യപ്പെടുത്തിയാൽ വളരെ ചെറിയ ഭാഗമാണ്. അവിടെ രാഗം ഉണരുന്നില്ല, ദ്വേഷം ഉണരുന്നില്ല. സത്യമായും ഉണരുന്നില്ല ഇങ്ങനെയാണെങ്കിലും അന്തർമനസ്സിന്റെ ആഴങ്ങളിൽ ആകട്ടെ അതേ ക്രമം നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ അവിടെ

ആഴത്തിൽ കല്ലിൽ വരച്ചതുപോലെയുള്ള സംസ്കാരങ്ങൾ നിർമ്മിച്ചുകൊണ്ടു തന്നെ പോകുകയാണ്. അപ്പോൾ ഈ ഭവചക്രം തിരിഞ്ഞുകൊണ്ടുതന്നെ പോകും, ലോകചക്രം തിരിഞ്ഞുകൊണ്ടുതന്നെ പോകും, ദുഖചക്രം തിരിഞ്ഞുകൊണ്ടുതന്നെ പോകും. ഇതിനെ എങ്ങനെ മുറിക്കും?

ശരീരത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംവേദന ഒരു അത്തരം ബിന്ദുവാണ്, അവിടെ നിന്ന് രണ്ടു ധാരകൾ പൊട്ടി പുറപ്പെടുന്നു. ഇത് അത്തരം ഒരു ജംക്ഷനാണ്, ഇവിടെ നിന്ന് രണ്ട് പാളങ്ങൾ വേർപിരിയുന്നു, രണ്ടു ദിശകളിലേക്ക് പോകുന്നതിനുള്ള വഴി ലഭിക്കുന്നു. ഒരു ദിശ, ഒരു വഴി ഇത്തരം – ഇതിനെ 'ദുഖസമുദയഗാമിനി പ്രതിപദാ' എന്നു വിളിക്കുന്നു. പ്രതിപാദം എന്നാൽ മാർഗ്ഗം. അത്തരം മാർഗ്ഗം, അതിൽ നിന്ന് ദുഖം ഉത്പന്നമായിക്കൊണ്ടുപോകുകയാണ്, ദുഖ സമുദയം ആയിക്കൊണ്ടുപോകുകയാണ്, അതിന്റെ സംവർദ്ധനം നടന്നു കൊണ്ടുപോകുകയാണ്. ദുഖം തന്നെ ദുഖം, ദുഖം തന്നെ ദുഖം. ഒരു ജന്മമല്ല, ജന്മജന്മാന്തരങ്ങൾവരെ അതേ ധാര നമ്മളെ ദുഖത്തിലേക്ക് എടുത്തുകൊണ്ടുപോകുകയാണ്.

സംവേദനയുടെ അതേ ബിന്ദു – അതിൽ നിന്ന് രണ്ടാമത്തെ മാർഗ്ഗവും പുറപ്പെടുന്നു –.പ്രതിപദാ – ഏതൊന്ന് മുഴുവൻ ദുഖങ്ങളുടെയും നിരോധം ചെയ്യുന്നു, അതിനെ സമാപ്തമാക്കുന്നു. ഇത്തരം പ്രതിപദാ, ഇത്തരം മാർഗ്ഗം ഇതേ ബിന്ദുവിൽനിന്നു പോകുന്നു. അതിനാൽ ഈ ബിന്ദുവിനെ പിടികിട്ടേണ്ടതുണ്ട് – നമ്മൾ എങ്ങോട്ടാണ് സ്വന്തം ഭവചക്രം തിരിച്ചുകൊണ്ടു പോകുന്നത്. കൂടാതെ എവിടെ അതിനെ നിറുത്തിക്കൊണ്ട് ധർമ്മ ചക്രം തിരിക്കാൻ ആരംഭിക്കാൻ സാധിക്കും – മുഴുവൻ ശരീരത്തിലും പ്രതിക്ഷണം ഒന്നല്ലെങ്കിൽ മറ്റൊരു സംവേദന നടന്നുകൊണ്ടേ ഇരിക്കുന്നു. അണുഅണുവിൽ ഒന്നല്ലെങ്കിൽ മറ്റൊരു സംവേദന നടന്നു കൊണ്ടേയിരിക്കുന്നു. ഇത് പ്രകൃതി നിയമമാണ്. കൂടാതെ ആ സംവേദന കാരണം നമ്മുടെ അന്തർമനസ്സിന്റെ സ്വഭാവം ഇങ്ങനെയായി – സുഖകരമായി തോന്നിയാൽ രാഗം ജനിപ്പിക്കുന്നു; ദുഖകരമായി തോന്നിയാൽ ദ്വേഷം ജനിപ്പിക്കുന്നു. ഈ രാഗം, ഈ ദ്വേഷം; ഈ രാഗം, ഈ ദ്വേഷം, ബന്ധനങ്ങളോടു ബന്ധനങ്ങൾ ബന്ധിച്ചുകൊണ്ടു പോകുകയാണ്. കർമ്മസംസ്കാരം തന്നെ കർമ്മസംസ്കാരം ഉണ്ടാക്കിക്കൊണ്ടു പോകുക യാണ്. അത് മുന്നോട്ട് ദുഖം തന്നെ ദുഖം ജനിപ്പിക്കും. ഈ ക്ഷണവും ദുഖം ജനിച്ചു, രാഗം ജനിച്ചു. രാഗം ഉണർത്തിയ ഉടനെ തന്നെ ഉള്ളിലെ മനസ്സ് സ്വന്തം ശാന്തി നഷ്ടപ്പെടുത്തി – ദ്വേഷമുണർത്തി അപ്പോൾ അന്തർമനസ്സ് സ്വന്തം ശാന്തി നഷ്ടപ്പെടുത്തി, അശാന്തനായി, അസ്വസ്ഥനായി, ദുഖിതനായി. ദുഖത്തിന്റെ വിത്ത് ഇട്ടുകൊണ്ടിരിക്കുകയാണ്, അതായത് ഭാവിയിലേക്ക് ദുഖം തന്നെ ദുഖത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്.

ഈ രാഗം ജനിപ്പിച്ചുകൊണ്ടിരിക്കുന്ന സ്വഭാവക്കുരുക്ക്, ദ്വേഷം ജനപ്പിച്ചുകൊണ്ടിരിക്കുന്ന സ്വഭാവക്കുരുക്ക്, അതിൽ നമ്മൾ കുടുങ്ങി ക്കിടക്കുകയാണ്, ഇതിന് ഈ സംവേദനകളിൽ നിന്നും ഊർജ്ജം ലഭിക്കുകയാണ്. എവിടെനിന്നാണ് ഊർജ്ജം ലഭിക്കുന്നത് – ഇതിന്റെ ബോധം ഇപ്പോഴില്ല. സംവേദന എവിടെയാണ് ഉണ്ടാകുന്നത് ഇതിന്റെ ബോധം ഇപ്പോഴില്ല. അപ്പോൾ എങ്ങനെ ഇതിനു വെളിയിൽ വരും? അന്തർമുഖനായി ഏതെങ്കിലും കൽപ്പനയുടെ ധ്യാനത്തിൽ ഏർപ്പെടരുത്, മുഴുവൻ സാധനയും ഈ കാര്യത്തിനാണ് – നേരെ മറിച്ചാണെങ്കിൽ സത്യത്തെ പിടികിട്ടുകയേ ഇല്ല. ഈ പുറമെപുറമെയുള്ള മനസ്സ് ഏകാഗ്രമാകും. വളരെ ശാന്തമായി എന്നു തോന്നും. നോക്കൂ രാഗം ഉണരുന്നില്ല, ദ്വേഷം ഉണരുന്നില്ല എന്നു തോന്നും. ഉള്ളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ഈ പുറമെയുള്ള ചിത്തം, അതിനെ ആ ദിനങ്ങളിലുള്ള ഭാഷയിൽ 'പരിത്ത ചിത്തം' എന്നു വിളിച്ചു, അതായത് പരിമിത ചിത്തമാണ്. വളരെ ചെറിയ ചിത്തമാണ് എന്നാൽ ബാക്കി മുഴുവൻ ചിത്തത്തിന്റെ ഇത്ര വലിയ ഭാഗം ഇത് രണ്ടിനും ഇടക്ക് ഇത്ര കനത്ത മതിൽ. എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാകുന്നതേയില്ല. ഈ താഴെയുള്ള ഏതൊരു ചിത്തമുണ്ടോ, അന്തർമനസ്സുണ്ടോ അതാകട്ടെ പ്രതിക്ഷണം സംവേദനകളെ അറിഞ്ഞു കൊണ്ടിരിക്കുകയാണ്. ഉണർന്നിരിക്കുമ്പോഴും, ഉറങ്ങുമ്പോഴും, എല്ലാ അവസ്ഥകളിലും സംവേദന അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിന് സുഖകരമെന്ന് തോന്നിയാൽ ഉടൻ തന്നെ രാഗം ഉണർത്താൻ തുടങ്ങുന്നു. ഇതേ ജോലി ചെയ്തുകൊണ്ടേ പോകുകയാണ്. അതിന്റെ സ്വാഭാവമായി. ഈ പുറമെയുള്ള ചെറിയ ചിത്തത്തിന്റെയും ഉള്ളിലുള്ള വലിയ ചിത്തത്തിന്റെ ഇടക്കുള്ള ഏതൊരു മതിലുണ്ടോ അത് ഇല്ലാതാക്കേണ്ടതുണ്ട്. അപ്പോൾ ഏതൊരു കാര്യം പുറമേയുള്ള ചിത്തം ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കുന്നുവോ, അതിന്റെ സന്ദേശം താഴെവരെ പോകും. രണ്ടിനും ഒരു വ്യത്യാസവും അവശേഷിക്കരുത്. രാഗം ചെയ്യരുത് – പുറമെയുള്ള ചിത്തം നല്ലപോലെ മനസ്സിലാക്കുന്നുണ്ട് രാഗം ചെയ്യരുത്. ദുഖിതനാകും, ദ്വേഷം ചെയ്യരുത്, ദുഖിതനാകും. എന്നാൽ അതിന്റെ ഈ വിദ്യ, അതിന്റെ ഈ ബുദ്ധി, അതിന്റെ ഈ ജ്ഞാനം കേവലം പുരമെ പുറമെയുള്ള ജ്ഞാനം, താഴെവരെ എത്താനേ സാധിക്കുന്നില്ല. ഈ സാധനവഴി ഈ മതിൽ തകരുകയാണെങ്കിൽ മുഴുവൻ ശരീരത്തിലും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്, അതിന്റെ അനുഭവമാകാൻ തുടങ്ങുന്നു – മാത്രമല്ല അറിഞ്ഞു കൊണ്ടിരിക്കുകയാണ് – നോക്കൂ, പഴയ സ്വഭാവ ത്തിന്റെ കാരണത്താൽ ഞാൻ വീണ്ടും പ്രതിക്രിയ ചെയ്തു. രാഗത്തിന്റെ പ്രതിക്രിയ ചെയ്തു അല്ലെങ്കിൽ ദ്വേഷത്തിന്റെ പ്രതിക്രിയ ചെയ്തു എന്നിട്ട് ഈ ഭവചക്രത്തിനെ അല്പം കൂടി തള്ളി വിട്ടു. നോക്കൂ, ഞാൻ തടഞ്ഞു, രാഗം ഉണർത്തിയില്ല, ദ്വേഷം ഉണർത്തിയില്ല. നമ്മൾ അനിത്യബോധം ഉണർത്തി. ഇത് അനിത്യമാണ്, കല്പനയുടെ കാര്യമല്ല. ഉള്ളിൽ നോക്കുകയാണ്, എത്ര തന്നെ സുഖകരമായ സംവേദന ഉണർന്നാലും, സമയമായാൽ സമാപ്തമായിത്തിരുന്നു. എത്രതന്നെ ദുഖകരമായ സംവേദന ഉണർന്നാലും സമയമായാൽ സമാപ്തമായിത്തീരുന്നു. അനുഭവത്താൽ അറിഞ്ഞു കൊണ്ടിരിക്കുകയാണ്, അനിത്യമാണ്, നശ്വരമാണ്, ഭംഗുരമാണ്. അയ്യോ, ഇതിനൊട് എന്തു രാഗം ചെയ്യാനാണ്? ഇതിനൊട് എന്തു ദ്വേഷം

ചെയ്യാനാണ്? ഇപ്പോൾ ഈ അന്തർമനസ്സ് മനസ്സിലാക്കാൻ തുടങ്ങി. കേവലം പുറമെപുറമെയുള്ള മനസ്സിന്റെ കാര്യമായി അവശേഷിച്ചില്ല കൂടാതെ സ്വഭാവം മറിയാൻ തുടങ്ങി, സ്വഭാവം മറിയാൻ തുടങ്ങി. മുക്തിയുടെ വഴി ലഭിച്ചു. മോക്ഷത്തിന്റെ വഴി ലഭിച്ചു. സമ്യക്സംബുദ്ധനായ ആ വ്യക്തി ഇതേ വഴിതന്നെയാണ് അന്വേഷിച്ചു കണ്ടു പിടിച്ചത്. ഈ വഴി അന്വേഷിച്ചു കണ്ടെത്തി സ്വയം മുക്തനായി ശുദ്ധനായി, ബുദ്ധനായി എന്നിട്ട് ഇതുതന്നെ ജനങ്ങൾക്ക് വിതരണം ചെയ്തു. ആ അവസ്ഥയിൽ എപ്പോൾ എത്തിച്ചേർന്നുവോ, മുക്തിയുടെ അവസ്ഥയിൽ എത്തിച്ചേർന്നോ അപ്പോൾ വളരെ സന്തോഷത്തിന്റെ വരികൾ പുറത്തു വന്നു. ഒരു മുക്തനായ വ്യക്തിയുടെ ഘോഷണം എത്ര നന്മ നിറഞ്ഞതാണ്. 35മത്തെ വർഷത്തിൽ ഈ വ്യക്തി സമ്യക് സംബുദ്ധനായി, 80മത്തെ വർഷത്തിൽ ഇദ്ദേഹം സ്വന്തം പ്രാണൻ വിട്ടു. 45 വർഷം വരെ രാത്രിയും പകലും, രാത്രിയും പകലും ലോകസേവ തന്നെ ലോകസേവ ചെയ്തു കൊണ്ടിരുന്നു. ലോക നന്മ തന്നെ ലോക നന്മ ചെയ്തുകൊണ്ടിരിന്നു. കൂടുതൽ കൂടുതൽ ജനങ്ങൾക്ക് എങ്ങനെ നന്മയുണ്ടാകും? അവർക്ക് എങ്ങനെ ഹിത മുണ്ടാകും? അവർക്ക് സുഖം എങ്ങനെ പ്രാപ്തമാകും? അവർ ദുഖത്തിൽ നിന്ന് എങ്ങനെ പുറത്തു വരും? ഇതേ വിദ്യ വിതരണം ചെയ്തുകൊണ്ടിരുന്നു.

മുഴുവൻ വാണിയും എവിടെനിന്ന് എടുത്താലും മധുരം നിറഞ്ഞതാണ് .എവിടെനിന്ന് മുറിച്ച് ഗ്രഹിച്ചാലും ശരി, മധുരം തന്നെ. വാണി എവിടെ നിന്നു കേട്ടാലും ശരി, വളരെ കല്യാണകരമായത്. എന്നാൽ സമ്യക്സംബുദ്ധനായ ഉടനെ ആദ്യത്തെ വാണി പുറത്തു വന്നതിനെപ്പറ്റി എന്തു പറയാനാണ്. ആദ്യം എന്താണ് പുറത്തു വന്നത് – ഈ അവസ്ഥ പ്രാപ്തമായപ്പോൾ സന്തോഷഭരിതനായി പറയുകയാണ്

**അനേക ജാതി സംസാരം, സന്ധാവിസ്സം അനിബ്ബിസം**

**ഗഹകാരം ഗവേസന്തോ, ദുഖാ ജാതി പുനപ്പുനം**

**ഗഹകാരക ദിട്ഠോസി, പുന ഗേഹം ന കാഹസി**

**സബ്ബാ തെ ഫാസുകാ ഭഗ്ഗാ, ഗഹകൂടം വസങ്ഖിതം**

**വിസങ്ഖാര ഗതം ചിത്തം, തണ്ഹാനം ഖയമജ്ഝഗ**

എന്താണ് പറഞ്ഞത് – 'അനേക ജാതി സംസാരം', അന്തർമുഖനായിക്കൊണ്ട്, ചിത്തത്തെ ഏകാഗ്രമാക്കിയാക്കി, ഈ സാമാന്യ ധ്യാനത്തിന്റെ അവസ്ഥകൾ – ആദ്യ ധ്യാനം മുതൽ എട്ടാമത്തെ ധ്യാനം വരെയുള്ളത് – ഇവയിൽ ഒരു ഊർജ്ജം ഉണരുന്നു, ശക്തി ഉണരുന്നു. അപ്പോൾ സാധകൻ സ്വന്തം പൂർവ്വ ജന്മങ്ങളെ ഓർമ്മിക്കാൻ തടുങ്ങുന്നു. ഇതിനു മുമ്പ് ഈ ജന്മമുണ്ടായിരുന്നു എന്നിട്ട് അതിൽ ഇന്ന–ഇന്ന സംഭവങ്ങൾ സംഭവിച്ചിരുന്നു, അതിനു മുമ്പ് ഈ ജന്മമുണ്ടായിരുന്നു. ഇന്ന–ഇന്ന സംഭവങ്ങൾ സംഭവിച്ചിരുന്നു. ഇപ്രകാരം സ്വന്തം പൂർവ്വജന്മങ്ങളുടെ ഓർമ്മ ഉണരുന്നു. ആര് എത്ര ആഴത്തിൽ സാധന ചെയ്യുന്നുവോ, അവന് അത്രതന്നെ ക്ഷമത പ്രാപ്തമായി. ചിലർക്ക് പത്തു ജന്മങ്ങളുടെ ഓർമ്മ ഉണർന്നു, ചിലർക്ക് 100 ജന്മങ്ങളുടെ ഓർമ്മ ഉണർന്നു. ചിലർക്ക് ആയിരം ജന്മങ്ങളുടെ ഓർമ്മകൾ ഉണർന്നു. എന്നാൽ ആര് സമ്യക്സംബുദ്ധനായോ അദ്ദേഹത്തിന് എണ്ണ മില്ലാത്ത ജന്മങ്ങളുടെ ഓർമ്മകൾ ഉണർന്നു. അപ്പോൾ പറയുകയാണ് – 'അനേക ജാതി സംസാരം' അനേക പ്രാവശ്യം ജന്മമെടുത്തുകൊണ്ട് ഈ സംസാരത്തിൽ ഒഴികിക്കൊണ്ടിരുന്നു ഭവത്തിൽ ഒഴുകിക്കൊണ്ടിരുന്നു. എണ്ണമില്ലാത്ത ജന്മങ്ങൾ ജനിച്ചുകൊണ്ടിരിന്നു, ജനിച്ചുകൊണ്ടിരുന്നു. ഈ ഭവചക്രം തിരിഞ്ഞുകൊണ്ടിരുന്നു, നില്ക്കാതെ, ഒന്നും പ്രാപ്തമാകാതെ സന്ധാവനം ചെയ്തു കൊണ്ടിരുന്നു, ഓടിക്കൊണ്ടേയിരുന്നു.

ഓരോ വ്യക്തിയും, ഓരോ പ്രാണിയും ഓടിക്കൊണ്ടിരിക്കുകയാണ്. ജന്മമെടുത്താൽ മൃത്യുവിലേക്ക് ഓടിക്കൊണ്ടിരിക്കുകയാണ്. മൃത്യു വരെ എത്തിച്ചേരുക തന്നെ ചെയ്യും. വഴിയിൽ ഒരിടത്തും നില്ക്കാൻ സാധിക്കില്ല. ആരെങ്കിലും പറയുകയാണ് ഒരു മിനിട്ടെങ്കിലും നില്ക്കുക, അല്പം വിശ്രമിക്കുക, നില്ക്കാൻ സാധിക്കില്ല. പ്രതി ക്ഷണം മൃത്യുവിലേക്ക് ഓടിക്കൊണ്ടു പോകുകയാണ്. അതിനാൽ പറയുന്നു – 'സന്ധാവിസ്സം അനിബ്ബിസ്സം,' നില്ക്കാതെ ഒന്നും പ്രാപ്തമാകാതെ ഓടിനടന്നുകൊണ്ടിരിക്കുകയാണ്, ഓട്ടം നടന്നുകൊണ്ടിരിക്കുകയാണ്. ഓ, എത്ര ജന്മങ്ങളായി ഈ ഓട്ടം നടന്നുകൊണ്ടിരിക്കുക യാണ്? അപ്പോൾ നോക്കി അനേക ജന്മങ്ങളുടെ ഈ ഓട്ടം നടന്നതിന്റെ പിന്നിൽ എന്റെ ആവശ്യം എന്തായിരുന്നു? ബോധി സത്വം ആണല്ലൊ, അനേക ജനമ്മങ്ങളായി ഈ കാര്യം മനസ്സിലായിരുന്നു മൃത്യുവിനു ശേഷം വീണ്ടും വീണ്ടും ഒരു പുതിയ ജന്മം വരുന്നു – മൃത്യുവിനുശേഷം വീണ്ടും വീണ്ടും ഒരു പുതിയ വീട് തയ്യാറാകുന്നു. ഈ വീടിനെ ആരാണ് നിർമ്മിക്കുന്നത്? ഈ വിശ്വാസം പണ്ടുമുതൽക്കേ ഉണ്ടായിരുന്നു – ആരോ വീണ്ടും വീണ്ടും വീട് നിർമ്മിക്കുന്നുണ്ട്, വീണ്ടും വീണ്ടും സൃഷ്ടിക്കുന്നുണ്ട്; അയ്യോ, അദ്ദേഹത്തിനെ യെങ്ങാനും ദർശനമായാൽ ഈ ഭവപ്രവാഹത്തിൽ നിന്നും മുക്തി ലഭിക്കും. അതിനാൽ പറയുന്നു – 'ഗഹകാരകം ഗവേസന്തോ', ആ വീടു നിർമ്മിക്കുന്നവന്റെ ഗവേഷണത്തിനായി അദ്ദേഹ ത്തിനെ അന്വേഷിച്ചു കണ്ടെത്തുന്നതിനായി ഓടിക്കൊണ്ടേയിരുന്നു. ഓടിക്കൊണ്ടേയിരുന്നു എന്നാൽ 'ദുഖാ ജാതി പുനപ്പുനം'. വീടു നിർമ്മിക്കുന്ന അയാളുടെ അന്വേഷണത്തിൽ വീണ്ടും വീണ്ടും പുതിയ ജന്മം എടുത്തുകൊണ്ടിരുന്നു കൂടാതെ വീണ്ടും വീണ്ടും ദുഖത്തിലൂടെ കടന്നുപോയിക്കൊണ്ടിരുന്നു.

ഇപ്പോൾ എന്തുപ്പറ്റി? 'ഗഹകാരക ദിട്ഠോസി', വീടു നിർമ്മിക്കുന്നവനെ, നീ കണ്ടു പിടിക്കപ്പെട്ടു – കഴിഞ്ഞു നിന്നെ കണ്ടു കഴിഞ്ഞു. 'പുന ഗേഹം ന കാഹസി' ഇനി നീ എനിക്കായി പുതിയ വീട് നിർമ്മിക്കാൻ സാധിക്കില്ല. നിർമ്മിക്കാനേ സാധിക്കില്ല. ഏതു വീടു നിർമ്മിക്കുന്നവനെയാണ് കണ്ടത് – കൂടാതെ അവന് എന്തുകൊണ്ട് പുതിയ വീട് നിർമ്മിക്കാൻ സാധിക്കില്ല? അയ്യോ, ഈ മുഴുവൻ പ്രകൃതിയുടെ നിയമത്തെയും കണ്ടു, ധർമ്മത്തെ കണ്ടു, ഋതുവിനെ കണ്ടു. എപ്രകാരമാണ് വീടു നിർമ്മക്കുന്നത്? ആരാണ് വീടുണ്ടാക്കുന്നത്? ഓരോ വ്യക്തിയും സ്വന്തം വീട് സ്വയമാണ് ഉണ്ടാക്കുന്നത്. കർമ്മസംസ്കാരങ്ങളോടു കർമ്മ സംസ്കാരങ്ങൾ ഉണ്ടാക്കിക്കൊണ്ടു തന്നെ

പോകുകയാണ്, വീട് നിർമ്മിക്കപ്പെട്ടുകൊണ്ടു പോകുകയാണ്. അപ്പോൾ സ്വന്തം ഉള്ളിൽ ഈ ഏതൊരു ലോകചക്രം നടന്നു കൊണ്ടിരിക്കുന്നോ, ഭവചക്രം നടന്നുകൊണ്ടിരിക്കുന്നോ, ദുഖചക്രം നടന്നുകൊണ്ടിരിക്കുന്നോ അതിന്റെ ദർശനം അയാൾ ചെയ്യുന്നു – അപ്പോൾ എല്ലാം തന്നെ അറിഞ്ഞു, സർവ്വജ്ഞനായിത്തീർന്നു.

'ഗഹകാരക ദിട്ഠോസി പുന ഗേഹം ന കാഹസി' ഇനി പുതിയ വീട് നിർമ്മിക്കാൻ സാധിക്കില്ല. എന്തുകൊണ്ട് നിർമ്മിക്കാൻ സധിക്കില്ല? 'സബ്ബാ തെ ഫാസുകാ ഭഗ്ഗാ, ഗഹകൂടം വിസങ്ഖിതം' ആ ദിനങ്ങളിൽ വീട് നിർമ്മിക്കുന്നതിന് ഏതൊരു കെട്ടിടനിർമ്മാണ സാമഗ്രികളുണ്ടായിരുന്നോ, അതിൽ വീടിന് ഒന്നിനടുത്ത് ഒന്നായി – ഒരു വളരെ ഉയർന്ന സ്ഥമ്പം പിന്നെ വർത്തുലാകാരമായ ചെറിയ ചെറിയ സ്ഥമ്പങ്ങ, കൂടാതെ ആ വലിയ സ്ഥമ്പത്തിനെ ചെറിയ സ്ഥമ്പവുമായി കൂട്ടിച്ചേർത്തികൊണ്ടുള്ള കണ്ണികൾ; ഇപ്രകാരം വീടു നിർമ്മിക്കുമായിരുന്നു. 'സബ്ബാ തേ ഫാസുക ഭഗ്ഗാ, ഗഹകൂടം വിസങ്ഖിതം' എത്ര കണ്ണികളുണ്ടായിരുന്നോ, എല്ലാം മുറിച്ചു കളഞ്ഞു, കൂടാതെ മധ്യത്തിലുള്ള ഈ കേന്ദ്ര സ്ഥമ്പം, അതിനെയും മുറിച്ചു കളഞ്ഞു. കെട്ടിടസാമഗ്രികൾ തന്നെ അവശേഷിച്ചില്ലെങ്കിൽ എങ്ങനെ കെട്ടിടമുണ്ടാകും? എന്താണ് പൊട്ടിച്ചു കളഞ്ഞത്? അപ്പോൾ പറയുന്നു – 'വസങ്ഖാര ഗതം ചിത്തം' ചിത്തത്തെ സംസ്കാരങ്ങളിൽ നിന്നും വിഹീനമാക്കി,. മുഴുവൻ ഭവസംസ്കാരവും സമാപ്തമാക്കി. പുതിയ ഭവമുണ്ടാക്കുന്ന ഒരു ഭവസംസ്കാരം പോലും അത്തരത്തിൽ അവശേഷിച്ചിട്ടില്ല. മുഴുവൻ നഷ്ടമായി. ഈ വിദ്യ വഴി മുഴുവനും നീക്കം ചെയ്തു കളഞ്ഞു. പഴയതു മുഴുവൻ സമാപ്തമാക്കി, കൂടാതെ പുതിയ തൃഷ്ണ ജനിപ്പിക്കാനെ കഴിയുന്നില്ല. എന്തെന്നാൽ 'തണ്ഹാനം ഖയമജ്ഝഗ', ആ അവസ്ഥയുടെ സാക്ഷത്കാരമായി, അവിടെ തൃഷ്ണയുടെ അടയാളം പോലും ബാക്കിയില്ല. വേരോടെ പിഴുതു കളഞ്ഞു. ശാശ്വത, ധ്രുവ ഇന്ദ്രിയാതീത അവസ്ഥ, ഭവാതീത അവസ്ഥ, ലോകാതീത അവസ്ഥ, അതിന്റെ സാക്ഷാത്കാരമായി – അതായത് അത് അനുഭൂതിയിൽ വന്നു. ഇപ്രകാരം ചിത്തത്തിൽ എപ്പോൾ ഒരു പഴയ സംസ്കാരം തന്നെ അവശേഷിച്ചില്ലയോ, ഭവ ഉണർത്തുന്ന ഒരു സംസ്കാരം പോലും അവശേഷിച്ചില്ലയോ, കൂടാതെ പുതിയ സംസ്കാരം ഉണ്ടാകുന്നേയില്ല എന്തെന്നാൽ പുതിയ തൃഷ്ണ തന്നെ ഉണരുന്നില്ല – അപ്പോൾ പുതിയ വീട് എങ്ങനെ നിർമ്മിക്കപ്പെടും? പുതിയ വീട് നിർമ്മിക്കാനെ സാധിക്കില്ല. 'വിസങ്ഖാര ഗതം ചിത്തം' പുതിയ സംസ്കാരം ഉണ്ടാകുന്നില്ല കൂടാതെ പഴയത് മുഴുവനും സമാപ്തമായി – ഈ അവസ്ഥ പ്രാപ്തമാകേണ്ടതുണ്ട്. 'ഖിണം പുരാണം നവം നത്ഥി സംഭവം', പഴയത് മുഴുവൻ ഇല്ലാതായി, പുതിയത് ഉണ്ടാകുന്നില്ല. എത്ര സംഗ്രഹിച്ചു വച്ചിട്ടുണ്ടോ അത് മുഴുവൻ തന്നെ പുറത്തുവന്ന് നഷ്ടമായി കൂടാതെ പുതിയത് ഉണ്ടാകാൻ സാധ്യമല്ലെങ്കിൽ എന്തിൽ നിന്ന് പുതിയ വീട് നിർമ്മിക്കും? പുതിയ ജന്മം എങ്ങനെ ഉണ്ടാകും? ഭവസംസരണം എങ്ങനെ നടക്കും? സമാപ്തമാകുക തന്നെ ചെയ്യും. അതിനാൽ പ്രസന്നഭാവത്തിൽ ഈ ആദ്യ ഘോഷണം പുറത്തു വന്നു, കൂടാതെ ഇതുതന്നെ ജനങ്ങൾക്ക് പഠിപ്പിച്ചുകൊണ്ടിരിന്നു.

മറ്റു മുഴുവൻ കുഴപ്പമായ കാര്യങ്ങൾ ഒരു വശത്തു വക്കുക. ഏതൊരു കാര്യം അപ്രസക്തമാണോ, ഏതിന് നമ്മുടെ ഭവചക്രം തിരിയുന്നതിനുമായി ഒരു ബന്ധവുമില്ലയോ, ഏതിന് നമ്മുടെ ഭവചക്രത്തെ മുറിക്കുന്നതിനുമായി ഒരു ബന്ധവുമില്ലയോ, ഏതിന് ധർമ്മചക്രം തിരിയുന്നതിനായി ബന്ധമൊന്നുമില്ലയോ, ആ കര്യങ്ങളിൽ എന്തിനാണ് കുരുങ്ങിക്കിടക്കുന്നത്. അപ്രസക്തമായ കാര്യങ്ങൾ, ഈ ഭവചക്രവുമായി അവക്ക് എന്തു സംബന്ധം, ഈ ഭവചക്രം മുറിക്കുന്നതിനായി അവക്ക് എന്തു സംബന്ധം? ജോലിയുടെ കാര്യം പഠിക്കുക! ഭവചക്രം എവിടെയാണ് തുടങ്ങുന്നത്.

വികാരം ഉണരുന്നു എന്നിട്ട് ആഴത്തിലുള്ള ഭവസംസ്കാരം ആയിത്തീരുന്നു. ഭവസംസ്കാരം ആയിത്തീർന്നാൽ പുതിയ ഭവം തരികതന്നെ ചെയ്യും, പുതിയ ജന്മം തരികതന്നെ ചെയ്യും. മൃത്യുവിന്റെ സമയം ഉണർന്നു. ആദ്യം തന്നെ അനേക ഭവ സംസ്കാരം ഒരുമിച്ചു കൂട്ടിവച്ചിട്ടുണ്ട്, അതിൽ നിന്ന് ഒന്നല്ലെങ്കിൽ മറ്റൊന്ന് ഉണരും, എന്നിട്ട് പ്രതിസന്ധി വിജ്ഞാനമായി പുതിയ ജന്മം ആരംഭിക്കും, പുതിയ ധാര പ്രവഹിക്കും. ഇപ്രകാരം ജന്മത്തിനു ശേഷം ജന്മം, ദുഖത്തിനു ശേഷം ദുഖം, അയ്യോ, നടന്നുകൊണ്ടേ ഇരിക്കില്ലെ. അതിനാൽ തീർത്തും പ്രകൃതിനിയമത്തിന്റെ കാര്യമാണ്, ശാസ്ത്രീയ കാര്യമാണ്, ശരീരത്തിന്റെയും ചിത്തത്തിന്റെയും പരസ്പര സംബന്ധം നടക്കുന്നതെങ്ങനെ? രണ്ടും – ഒന്നു വേറൊന്നിനെ എപ്രകാരമാണ് സ്വാധീനിച്ചുകൊണ്ടിരിക്കുന്നത്? ഉള്ളിൽ ഒരു സംവേദന ഉണരുന്നു. മനസ്സ് പ്രഭാവിതമാകുന്നു. സംവേദന ശരീരത്തിലാണ് ഉണർന്നത്. മനസ്സ് പ്രഭാവിതമാകുന്നു എന്നിട്ട് ഒരു സംസ്കാരം ഉണ്ടാക്കുന്നു. രാഗത്തിന്റെ ഉണ്ടാക്കുന്നു അല്ലെങ്കിൽ ദ്വേഷത്തിന്റെ ഉണ്ടാക്കുന്നു കൂടാതെ ഉണ്ടാക്കിക്കൊണ്ടുതന്നെ പോകുന്നു, ഉണ്ടാക്കി ക്കൊണ്ടു തന്നെ പോകുന്നു. അപ്പോൾ ആഴത്തിൽ ആഴത്തിൽ കല്ലിൽ വരച്ചതുപോലെയുള്ള ഭവ സംസ്കാരം നിർമ്മിക്കപ്പെടുന്നു. ഭവസംസ്കാരം നിർമ്മിക്കപ്പെട്ടപ്പോൾ ജന്മങ്ങളോടു ജന്മങ്ങളു ണ്ടായിക്കൊണ്ടു പോകുന്നു മാത്രമല്ല ഓരോരോ ജന്മവും വാർദ്ധക്യം കൊണ്ടു വരുന്നു, മൃത്യു കൊണ്ടു വരുന്നു, ദുഖം കൊണ്ടു വരുന്നു, ദുർഭാവന കൊണ്ടു വരുന്നു. ദുഖം തന്നെ ദുഖം.. ഈ മനസ്സിനിഷ്ടമില്ലാത്ത കാര്യമായി, ആ മനസ്സി നിഷ്ടമായ കാര്യം ആയില്ല. ജീവിതം മുഴുവൻ ഇപ്രകാരം നടക്കുന്നു. അപ്പോൾ ദുഖം തന്നെ ദുഖം. എങ്ങനെ പുറത്തു വരും?

അതിനാൽ ഈ സരളമായ വിധി ജനങ്ങൾക്ക് കൊടുത്തു. ഏതു വിധിയുപയോഗിച്ച് സ്വയം പുറത്തു വന്നുവോ, അതേ വിധി ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തു. ശ്വാസത്തിന്റെ സഹായ ത്തോടെ ചിത്തത്തെ ഏകാഗ്രമാക്കാൻ പഠിക്കുക. ശുദ്ധ ശ്വാസത്തിന്റെ സഹായത്താൽ, എന്തെന്നാൽ സത്യത്തിന്റെ ദർശനം ചെയ്യേണ്ടതുണ്ട്. സത്യ ത്തിന്റെ ദർശനം ചെയ്തു ചെയ്തു തന്നെ പരമ സത്യം വരെ എത്തി ച്ചേരുക. ഇതേ കാര്യത്തെ പിന്നീടുള്ള ഒരു മഹാനായ സന്യാസി പറയുന്നുണ്ട്

– 'ആദി സച്ച, ജുഗാതി സച്ച്, ഹൈ ബി സച്ച, നാനക് ഹോസി ഭീ സച്ച്'. ആരംഭം നമ്മൾ സത്യത്തിൽ നിന്ന് തുടങ്ങണം. ഏതൊരു സത്യം അനുഭൂതിയിൽ വന്നുകൊണ്ടിരിക്കുന്നുണ്ടോ അതിന്റെ സഹായത്തോടെ – അടുത്ത ക്ഷണം ഏതൊരു സത്യം പ്രകടമായോ, അതിനെ ആലംബനമാക്കി, അതിന്റെ അടുത്ത ക്ഷണം ഏതൊരു സത്യം പ്രകടമായോ, അതിനെ ആലംബനമാക്കി, അപ്പോൾ താനെ സൂക്ഷ്മം, സൂക്ഷ്മം; കൂടുതൽ സൂക്ഷ്മം, കൂടുതൽ സൂക്ഷ്മമായ സത്യം പ്രകടമായിക്കൊണ്ടു പോകും. ശരീരവും ചിത്തവും സംബന്ധിച്ച സത്യം സ്വന്തം അനുഭൂതികളുടെ സഹായത്തോടെ – കൂടാതെ ഇങ്ങനെ ആയിആയി അന്തിമ സത്യം, പരമ സത്യം, ഇന്ദ്രിയാതീത സത്യം, ഭവാതീത സത്യം – എവിടെ മുഴുവൻ ഇന്ദ്രിയങ്ങളും ജോലി ചെയ്യുന്നത് നിറുത്തുമോ, നിത്യമായ, ശാശ്വതമായ, ധ്രുവമായ ആ പരമ സത്യത്തിന്റെ അനുഭൂതി ഉണ്ടാകും. ഏതൊന്ന് ഏകരസമാണോ, അജരമാണോ, അമരമാണോ, അമൃതാണോ, അതിന്റെ സാക്ഷാത്കാരം ഉണ്ടാകേണ്ടതുണ്ട്. അതിനെക്കുറിച്ച് വെറും വാക്കു പറഞ്ഞിരുന്നാൽ കാര്യം നടക്കില്ല. അതിനെപ്പറ്റി വെറും ചർച്ച ചെയ്തുകൊണ്ടിരുന്നാൽ കാര്യം നടക്കില്ല. അതിനെ ഒരു ഫിലോസഫി ആക്കി വച്ചാൽ കാര്യം നടക്കില്ല. ഓ, സത്യത്തിന്റെ വഴിയിൽ നടക്കേണ്ടതുണ്ട്. സ്വന്തം ഉള്ളിൽ ഈ സത്യഖണ്ഡത്തിന്റെ യാത്ര ചെയ്യേണ്ടതുണ്ട്. സത്യം തന്നെ സത്യം. സത്യം തന്നെ സത്യം. ശ്വാസത്തെ നോക്കി ക്കൊണ്ടിരിക്കുകയാണ്, സത്യം തന്നെ സത്യം. ഏതെങ്കിലും കൃത്രിമ കാര്യമല്ല. നിർമ്മിച്ച കാര്യമല്ല, എന്തെന്നാൽ ഏതെങ്കിലും ശബ്ദം ഇതിനൊപ്പം കൂട്ടിച്ചേർക്കുന്നില്ല. ഏതെങ്കിലും കല്പന ഇതിനൊപ്പം കൂടിച്ചേർക്കുന്നില്ല. ഏതെങ്കിലും വിശ്വാസം ഇതിനൊപ്പം കൂടിച്ചേർക്കുന്നില്ല. ശുദ്ധമായ ശാസ്ത്രീയ കാര്യം – നമുക്ക് നമ്മുടെ ശരീരത്തെയും ചിത്തത്തെയും പറ്റി പൂർണ്ണ അറിവ് നേടേണ്ടതുണ്ട്. കൂടാതെ ഇതിനപ്പുറത്തുള്ള ഏതൊരു സത്യമുണ്ടോ, അതിന്റെ അറിവ് നേടേണ്ടതുണ്ട്. അതിനാൽ ആദ്യം ശരീരത്തിനെയും ചിത്തത്തിനെയും പറ്റിയുള്ള സത്യമെന്താണ്, അതിന്റെ അറിവ് നേടുന്നു. ശ്വാസത്തെ അറിഞ്ഞുകൊണ്ടിരിക്കുകയാണ്.

അറിഞ്ഞ് അറിഞ്ഞ് പ്രയത്നം ചെയ്തു ചെയ്ത്, പരിശ്രമം ചെയ്തു ചെയ്ത്, മനസ്സ് വീണ്ടും വീണ്ടും ഓടുകയാണ്, വീണ്ടും കൊണ്ടുവരുന്നു. മനസ്സ് ഓടുന്നു, വീണ്ടും കൊണ്ടു വരുന്നു. കൂടാതെ ഈ അന്തരീക്ഷത്തിൽ – ഏതെങ്കിലും തപോ ഭൂമിയിൽ വന്ന് ഈ സാധന പഠിച്ചു അഥവാ തപോഭൂമിയിൽ ശിബിരം, ഇല്ലെങ്കിൽ മറ്റെവിടെയെങ്കിലും ഉണ്ടാകാവുന്നതാണ്, ഏതെ ങ്കിലും സ്കൂളിൽ, കോളേജിൽ, സത്രത്തിൽ, അമ്പലത്തിൽ, ഏതെങ്കിലും ദേവാലയത്തിൽ, എവിടെ ഉണ്ടാകുകയാണെങ്കിലും അവിടെ പോയി പഠിക്കുകയാണെങ്കിൽ ആ അന്തരീക്ഷത്തിൽ – അവിടെ പുറമെയുള്ള തടസ്സങ്ങൾ ഉണ്ടാകില്ല – ഇതേ ജോലി ചെയ്യേണ്ടതുണ്ട്. മാത്രമല്ല മുഴുവൻ ജനങ്ങളും ഇതേജോലി ചെയ്യുന്നതിന് ഒരുമിച്ച് കൂടേണ്ടതുണ്ട്.

അതിനാൽ നോക്കി, നോക്കി, അന്തർമുഖി ആയി ആയി മറ്റുള്ള സത്യങ്ങളും പ്രകടമാകാൻ തുടങ്ങുന്നു. അങ്ങനെ ആയിആയി മുഴുവൻ ശരീരത്തിന്റെ സംവേദനകളും അനുഭവമാകാൻ തുടങ്ങുന്നു. സ്ഥൂലത്തിൽ നിന്നും സൂക്ഷ്മം, സൂക്ഷ്മത്തിൽ നിന്നും കൂടുതൽ സൂക്ഷ്മം, കൂടാതെ ഇങ്ങനെ ആയിആയി ചിത്തം നിർമ്മലമായിക്കൊണ്ടു പോകുന്നു. നിർമ്മലമായിക്കൊണ്ടു പോകുന്നു. പരമ സത്യത്തിന്റെ സാക്ഷാത്കാരമായിത്തീരുന്നു. വളരെ മംഗളമാകുന്നു. ആര് നടന്നാലും ശരി. ഈ ധർമ്മ ചക്രം തിരിച്ചുകൊണ്ട് നടക്കുകയാണെങ്കിൽ മുഴുവൻ ദുഖചക്രവും സമാപ്തമായിത്തീരും. വളരെ മംഗളമാകും. വളരെ നന്മയാകും. സ്വസ്തി തന്നെ സ്വസ്തി ആകും. മുക്തി തന്നെ മുക്തി ആകും.


**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**
മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,
കേരള – 689508. Phone: (0479)2351616.
email: info@ketana.dhamma.org.
Website: http://www.ketana.dhamma.org


**ശിബിരങ്ങളുടെ സൂചിക – 2011**

**പത്തു ദിവസ ശിബിരം:** 20–31.12.2012

**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരണ്ടൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി–682026. Phone: (0484)2539891: Mobile: 9846569891.

……………………